# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## നല്ല വിളവിനുവേണ്ടി പ്രാർത്ഥന-Agriculture




### നല്ല വിളവിനുവേണ്ടി പ്രാർത്ഥന

ആകാശവും ഭൂമിയും സൃഷ്ടിച്ച നല്ല പിതാവേ എനിക്കു നൽകിയ കൃഷിസ്ഥലങ്ങൾ അങ്ങയുടെ അധീനതയിലാണല്ലോ. അതിനെ ഓർത്ത് സ്തുതിക്കുന്നു. വിളവുകളുടെ നാഥനായ കർത്താവേ പൂർവ്വികരുടെ കടങ്ങളും പൈശാചിക ബന്ധനങ്ങളും ക്ഷുദ്രജീവികളുടെ (എലി, ചാഴി, എരണ്ട മുതലായവയുടെ) ഉപദ്രവങ്ങളും മാറിപ്പോകട്ടെ. വെള്ളപ്പൊക്കത്തിൽ നിന്നും വരൾച്ചയിൽ നിന്നും ഞങ്ങളുടെ ധാന്യങ്ങളേയും ഇതരവിളകളേയും സംരക്ഷിക്കേണമേ . അവ മികച്ച ഫലങ്ങൾ പുറപ്പെടുവിക്കാൻ ഇടയാക്കണമേ. അവിടുന്ന് ഈ സ്ഥലവും ഇവിടെയുള്ള കൃഷിയും ആശീർവദിച്ചനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ

<u>തിരുവചനം</u>

നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക, നിന്റെ പദ്ധതികൾ ഫലമണിയും (സുഭാഷിതങ്ങൾ 16:3).

വീട്ടിൽ വെട്ടുകിളി, പച്ചക്കതിര, കമ്പിളിപ്പുഴു എന്നിങ്ങനെ ഞാൻ അയച്ച മഹാസൈന്യങ്ങൾ നശിപ്പിച്ച സംവത്സരങ്ങളിലെ വിളവുകൾ ഞാൻ തിരിച്ചുതരും (ജോയേൽ 2:25).

നൻമ ചെയ്യുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ, എന്തെന്നാൽ നമുക്കു മടുപ്പു തോന്നാതിരുന്നാൽ യഥാകാലം വിളവെടുക്കാം (ഗലാത്തിയാ 6:9).

കർത്താവു തന്റെ വിശിഷ്ടഭണ്ഡാഗാരമായ ആകാശം തുറന്ന് നിന്റെ ദേശത്ത് തക്കസമയത്തു മഴ പെയ്യിച്ച് നിന്റെ എല്ലാ പ്രയത്നങ്ങളെയും അനുഗ്രഹിക്കും. അനേകം ജനതകൾക്കു നീ കടം കൊടുക്കും നിനക്കു കടം വാങ്ങേണ്ടിവരികയില്ല (നിയമാവർത്തനം 28:12).

+++